പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1228

06-03-2018-ലെ
മറുപടിയ്ക്ക്

## കാർഷികോല്പന്ന മേഖലയെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.ടി.ബൽറാം** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കേരളീയർക്ക് സ്വന്തമായിരുന്ന കാർഷിക ഉല്പന്നമേഖലകൾ അന്യമാകുന്ന സാഹചര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; | **(എ)** ഉണ്ട് |
| **(ബി)** ഏതൊക്കെ മേഖലകളിലാണ് സംസ്ഥാനം പിന്നോട്ട് പോയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | **(ബി)** കേരളത്തിന്റെ തനതു വിളകളായ ചെറു ധാന്യങ്ങൾ, നാടൻ നെൽ ഇനങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർ വർഗ വിളകൾ, എള്ള്, നിലക്കടല മുതലായ എണ്ണക്കുരുകൾ, കരിമ്പ് എന്നിവയുടെ കൃഷി വിസ്തൃതി കുറഞ്ഞു വരുന്നതായി കാണുന്നു. |
| **(സി)** കാർഷികോല്പന്ന മേഖലയെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | **(സി)** ചെറു ധാന്യങ്ങളായ കുവരക്, ചാമ, തിന, വരാഗ്, പതിവരാഗ് മുതലായവയുടെ കൃഷി അവ പരമ്പരാഗതമായി കൃഷി ചെയ്തു വരുന്ന ആദിവാസി മേഖലകളിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി അട്ടപ്പാടിയെ ഒരു മില്ലറ്റ് വില്ലേജ് ആയി രൂപാന്തരപ്പെടുത്തുന്നതിനുള്ള പദ്ധതി പട്ടികവർഗ വികസന വകുപ്പുമായി ചേർന്നു നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ചെറു ധാന്യക്കൃഷിക്ക് ധനസഹായമായി ഹെക്ടർ ഒന്നിന് 10000/- രൂപ നൽകുന്നു ചെറു ധാന്യങ്ങളുടെ സംസ്കരണയൂണിറ്റ് സ്ഥാപിക്കുന്നതും മേൽ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.<br>പരമ്പരാഗത മേഖലകളിൽ എള്ള് കൃഷി, നില കടല കൃഷി എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനായി എള്ള് കൃഷിക്കു ഹെക്ടർ ഒന്നിന് 5000/- രൂപയും നില കടല കൃഷി ഹെക്ടർ ഒന്നിന് 15000/- രൂപയും ധന സഹായം നൽകുന്നുണ്ട്. പത്തനംതിട്ട, ആലപ്പുഴ, പാലക്കാട് |

ജില്ലകളിൽ കരിമ്പ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 20000/- രൂപ ധന സഹായം നൽകുന്നു.

അട്ടപ്പാടിയിൽ മുതിര, ഉഴുന്ന്, ചെറുപയർ എന്നീ പയർ വർഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 12000/- രൂപ ധന സഹായം നൽകുന്നു. മറ്റു പ്രദേശങ്ങളിൽ പയർ വർഗ വികസനത്തിനായി ഹെക്ടർ ഒന്നിന് 10000/- രൂപ ധന സഹായം നൽകുന്നു .

സവിശേഷതയുള്ള നടൻ നെൽ ഇനങ്ങളായ പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 10000/- രൂപ ധന സഹായം നൽകുന്നു. ഇവയുടെ സംസ്കരണത്തിനായി യോജിച്ച മില്ലുകൾ സ്ഥാപിക്കുന്നതിനും പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ധന സഹായം നൽകുന്നു. വിവിധ ഇനം കിഴങ്ങു വർഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിത്തുല്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രവുമായി ചേർന്നു കർഷകരുടെ പുരയിടങ്ങളിൽ കിഴങ്ങ് വിത്ത് ഗ്രാമം പദ്ധതി നടപ്പിലാക്കുന്നു. ഹെക്ടർ ഒന്നിന് 15000/- രൂപ ധന സഹായം നൽകുന്നു.

**സെക്ഷൻ ഓഫീസർ**